ഉത്തരം

(എ) 2004 ഡിസംബർ 15 മുതൽ 2005 ജനുവരി 5 വരെ 7.30 ലക്ഷം കെയ്സ് വിദേശമദ്യം ചെലവായിട്ടുണ്ട്. കള്ളിന്റെ കണക്ക് ലഭ്യമല്ല.

(ബി) വ്യാജമദ്യത്തിന്റെ കണക്ക് ലഭ്യമല്ല.

(സി) ബാധകമല്ല.

പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം

42 [1759] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രിവന്റീവ് ഓഫീസർമാരുടെയും എക്സൈസ് ഗാർഡുമാരുടെയും യോഗ്യത എസ്. എസ്. എൽ. സി. ആയതുകൊണ്ട് പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം നിർത്തലാക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്കുള്ള പ്രമോഷന് എക്സൈസ് ടെസ്റ്റും എം. ഒ. പി.യും നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഓഫീസ് ജോലികൾ ചെയ്യുന്നത് പ്രിവന്റീവ് ഓഫീസർ ആയതിനാൽ അക്കൗണ്ട് ടെസ്റ്റ് നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇപ്പോൾ നിർദ്ദേശങ്ങളൊന്നും പരിഗണനയിൽ ഇല്ല.

(ബി) ഇല്ല.

(സി) ഇല്ല.

ചാരായത്തൊഴിലാളികളുടെ പുനരധിവാസം

43 [1760] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുതായി ബിവറേജസ് കോർപ്പറേഷൻ തുടങ്ങുന്ന റീട്ടെയിൽ ഷാപ്പുകളിൽ ചാരായ നിരോധനം ഏർപ്പെടുത്തിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ മാത്രം നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇങ്ങനെയൊരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly